**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 179** **08-08-2023 - ൽ മറുപടിയ്ക്ക്**

**ലേബർ റൂമുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | മാതൃമരണ നിരക്ക് കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ ലേബർ റൂമുകളുടെ ഗുണനിലവാരം ലോകോത്തരമാക്കുന്നതിന് സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വിശദമാക്കാമോ; | (എ) | മാതൃശിശു മരണ നിരക്ക് കുറയ്ക്കുക, ഗർഭിണികളായ സ്ത്രീകൾക്കും, അമ്മമാർക്കും നവജാത ശിശുക്കൾക്കും മികച്ച ആരോഗ്യ പരിചരണം ഉറപ്പ് വരുത്തുക എന്ന ഉദ്ദേശ്യത്തോടു കൂടി ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം ആവിഷ്കരിച്ച പദ്ധതിയാണ് ലക്ഷ്യ (ലൈബർ റൂം ക്വാളിറ്റി ഇംപ്രൂവ്മെന്റ് ഇനിഷ്യേറ്റീവ്). ലോകോത്തര നിലവാരത്തിലുള്ള ഗുണമേന്മയുള്ള പ്രസവ ചികിത്സ ലഭ്യമാക്കുക, പ്രസവ സമയത്ത് മെച്ചപ്പെട്ട സംരക്ഷണം, പ്രസവാനന്തരമുള്ള ശുശ്രൂഷ, അണുബാധ കുറയ്ക്കുക, പ്രസവ മുറിയുടെയും ഗർഭിണികൾക്കുള്ള ഓപ്പറേഷൻ തീയേറ്ററുകളുടെയും ഗുണനിലവാരം മെച്ചപ്പെടുത്തുക, ഗുണഭോക്താക്കളുടെ സംതൃപ്തി ഉറപ്പാക്കുക എന്നിവയാണ് 'ലക്ഷ്യ' പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്.<br><br>കൂടാതെ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ ആധുനിക സൗകര്യങ്ങളോടു കൂടിയ "അമ്മമാരുടെ തീവ്ര പരിചരണ വിഭാഗം" തയ്യാറാക്കി. ലേബർറൂം ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തി. പ്രസവത്തോടനുബന്ധിച്ചുള്ള ഗർഭനിരോധന മാർഗ്ഗങ്ങളുടെ ശതമാനം വർദ്ധിച്ചിട്ടുണ്ട്. പ്രസവ സമയത്ത് ഏറ്റവും അടുത്ത ബന്ധുക്കളിൽ ഒരാളെ കൂടെ നിർത്തി വരുന്നു. അണുബാധ നിയന്ത്രണങ്ങൾ, ബഹുമാനത്തോടെയുള്ള മാതൃപരിചരണം, ഫയർ ആന്റ് സേഫ്റ്റി, ആശയവിനിമയം, ദുരന്ത നിവാരണ മാർഗ്ഗങ്ങൾ, അടിയന്തിര ചികിത്സാ മാർഗ്ഗങ്ങൾ, രോഗി സുരക്ഷാ മാർഗ്ഗങ്ങൾ എന്നിവ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ലോകോത്തര പ്രസവ ചികിത്സാ സൗകര്യം ഉറപ്പ് വരുത്തുന്നതിനായി ദേശീയ ആരോഗ്യ ദൗത്യം ഏർപ്പെടുത്തിയ ലക്ഷ്യ സർട്ടിഫിക്കേഷന്റെ ഭാഗമായ സംസ്ഥാനതല ദേശീയതല പരിശോധനകൾക്കായി നടപടികൾ സ്വീകരിച്ചു വരുന്നു. |

കൊല്ലം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ മാതൃ ശിശു മരണ നിരക്ക് കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ ലേബർ റൂമുകളുടെ ഗുണ നിലവാരം മെച്ചപ്പെടുത്തുന്നതിന് ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ലേബർ റൂമിൽ ക്വാളിറ്റി കെയർ നൽകുന്നുണ്ട്. ലേബർ റൂമിൽ വരുന്ന ഗർഭിണികൾക്കായി കൃത്യമായ പ്രോട്ടോകോൾ ഉണ്ടാക്കുകയും അതിനനുസരിച്ച് എത്തുന്നവർക്ക് കൃത്യമായ ചികിത്സ നൽകുകയും ചെയ്യുന്നു. വിദഗ്ധ പരിശീലനം ലഭിച്ച ഡോക്ടർമാരുടേയും നഴ്സുമാരുടേയും സേവനം 24 മണിക്കൂറും ലഭ്യമാണ്. ഡോക്ടർമാർക്കും നഴ്സുമാർക്കും നിശ്ചിത ഇടവേളകളിൽ കൃത്യമായ പരിശീലനം നൽകി വരുന്നു. നവജാത ശിശുക്കൾക്ക് Neo Natal Care നൽകിവരുന്നു. എമർജൻസി ഓപ്പറേഷൻ തീയേറ്ററിന്റെയും ബ്ലഡ് ബാങ്കിന്റെയും സേവനം 24 മണിക്കൂറും പ്രവർത്തന സജ്ജമാണ്.

ഇടുക്കി, കോന്നി എന്നീ സർക്കാർ മെഡിക്കൽ കോളേജുകളിൽ ലക്ഷ്യ പദ്ധതി പ്രകാരമുള്ള അടിസ്ഥാന സൗകര്യ വികസനത്തിനും, അനുബന്ധ സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനും വേണ്ടിയുള്ള നടപടികൾ നടത്തി വരുന്നു.

ആലപ്പുഴ സർക്കാർ റ്റി.ഡി മെഡിക്കൽ കോളേജ് ആശുപത്രിയിൽ ആധുനിക സൗകര്യങ്ങളോട് കൂടിയ പുതിയ maternity Block ന്റെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. ലക്ഷ്യ സ്റ്റാൻഡേർഡ് അനുസരിച്ചുള്ള എല്ലാ ആധുനിക സൗകര്യങ്ങളും ബ്ലോക്കിന്റെ നിർമ്മാണം പൂർത്തിയാകുന്നതോടെ ലഭ്യമാകുന്നതാണ്. പുതിയ ലേബർ റൂം കോംപ്ലെക്സിലേക്ക് മാറുമ്പോൾ "അമ്മയ്ക്കൊരു കൂട്ട്" പദ്ധതിയും ആരംഭിക്കുന്നതാണ്. EMOCAL, PPMD എന്നീ ട്രെയിനിംഗുകൾ നിരന്തരമായി ഗൈനക്കോളജിസ്റ്റുകൾക്കായി നടത്തുന്നുണ്ട്.

കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ മാതൃ ശിശു മരണനിരക്ക് കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ ലക്ഷ്യ മാനദണ്ഡ പ്രകാരമുള്ള എല്ലാ സൗകര്യങ്ങളും ലേബർ റൂം, മെറ്റേണൽ ഓപ്പറേഷൻ തീയറ്റർ എന്നിവയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

എറണാകുളം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ആധുനിക പ്രസവ ചികിത്സാ സൗകര്യങ്ങളോട് കൂടി ലേബർ റൂം (Mobile Doppler, Ultra Sound Scan, CTG Machines, Multipara Monitor, CPAP Machine, Defibrillator, Crash

| | | | |
|---|---|---|---|
| | | | Cart etc) നിലവിലുണ്ട്. ലേബർ റൂം മുഴുവനായും എയർകണ്ടീഷൻ സ്ഥാപിച്ച് ശീതീകരിച്ചു.<br><br>തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ 2019-20 സാമ്പത്തിക വർഷത്തിൽ മദർ ആന്റ് ചൈൽഡ് ബ്ലോക്ക് നിർമ്മിക്കുന്നതിന് 277.76 കോടി രൂപ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ആയത് പൂർത്തിയായാൽ ആധുനിക പ്രസവ ചികിത്സ സാദ്ധ്യമാകും.<br><br>മഞ്ചേരി മെഡിക്കൽ കോളേജിൽ പ്രസവം നടത്തുന്നതിനായി 3 ലേബർ കോട്ടും വേദനയുള്ള ഗർഭിണികളെ കിടത്തുന്നതിനുള്ള 10 ബെഡുമാണ് ഉള്ളത്. 24x7 മണിക്കൂറും പ്രവർത്തിക്കുന്ന പ്രസവ സംബന്ധമായ ഒരു ഓപ്പറേഷൻ തീയറ്ററും ബ്ലഡ്ബാങ്ക് സംവിധാനവും നിലവിലുണ്ട്. ലേബർ റൂമിന്റെ വിപുലീകരണ പ്രവൃത്തി പൂർത്തിയാകുന്നതോടെ ലക്ഷ്യ സർട്ടിഫിക്കേഷൻ നേടാവുന്നതാണ്.<br><br>കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിന്റെ അനുബന്ധ ആശുപത്രിയായ മാതൃ ശിശു സംരക്ഷണ കേന്ദ്രത്തിൽ മാതൃ മരണ നിരക്ക് കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ ലേബർ റൂമിന്റെയും അനുബന്ധ ചികിത്സാ വിഭാഗങ്ങളുടെയും ഗുണനിലവാരം ലോകോത്തരമാക്കുന്നതിന് ലക്ഷ്യ അക്രഡിറ്റേഷൻ ലഭിക്കുന്നതിന് നിഷ്കർഷിച്ചിട്ടുള്ള നിലവാരത്തിലേക്ക് ലേബർ റൂമും, അനുബന്ധ ചികിത്സാ വിഭാഗങ്ങളും ഉയർത്തുകയും ലക്ഷ്യ അക്രഡിറ്റേഷൻ സ്ഥാപനത്തിന് ലഭിക്കുകയും ചെയ്തിട്ടുണ്ട്.<br><br>കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ സുരക്ഷിത പ്രസവത്തിനും പ്രസവാനന്തര ചികിത്സക്കും ആവശ്യമായ സൗകര്യത്തോടു കൂടിയ ഐ.സി.യു, ബ്ലഡ് ട്രാൻസ്ഫ്യൂഷൻ സൗകര്യങ്ങൾ എന്നിവയോടു കൂടിയ ആധുനിക ചികിത്സാ സൗകര്യം ലഭ്യമാണ്. |
| (ബി) | ഇത്തരത്തിൽ സംസ്ഥാനത്ത് എത്ര ലേബർ റൂമുകളെയാണ് നാളിതുവരെ ലക്ഷ്യ നിലവാരത്തിൽ എത്തിക്കാൻ കഴിഞ്ഞിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | ഇത്തരത്തിൽ 10 സ്ഥാപനങ്ങളിലെ ലേബർ റൂമുകളെയാണ് ലക്ഷ്യ നിലവാരത്തിലെത്തിക്കാൻ കഴിഞ്ഞിട്ടുള്ളത്. പ്രസ്തുത സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.<br><br>1) താലൂക്ക് ആശുപത്രി, പുനലൂർ, കൊല്ലം<br><br>2) കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രി<br><br>3) ജനറൽ ആശുപത്രി, എറണാകുളം |

| | | | |
|---|---|---|---|
| | | | 4) സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, കോഴിക്കോട്<br><br>5) കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയുടെ അനുബന്ധ സ്ഥാപനമായ ഐ.എം.സി.എച്ച്<br><br>6) ജനറൽ ആശുപത്രി, കോഴിക്കോട്<br><br>7) ജില്ലാ ആശുപത്രി, മാനന്തവാടി, വയനാട്<br><br>8) സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, മങ്ങാട്ടുപറമ്പ്, കണ്ണൂർ<br><br>9) ജില്ലാ ആശുപത്രി, മാവേലിക്കര, ആലപ്പുഴ<br><br>10) സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, പൊന്നാനി, മലപ്പുറം |
| (സി) | ആലപ്പുഴ ജില്ലയിൽ പ്രസ്തുത പദ്ധതി നടപ്പിൽ വരുത്തിയിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | സ്വകാര്യ ആശുപത്രികളിലെ ലേബർ റൂമുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | 2018 ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്റ്റ് അനുസരിച്ച്, 11.03.2023 ലെ എസ്.ആർ.ഒ നമ്പർ 503/2023 പ്രകാരം ലേബർ റൂമുകൾക്ക് വേണ്ടുന്ന കുറഞ്ഞ നിലവാരം ഉൾപ്പെടെ വിജ്ഞാപനം ചെയ്തിട്ടുണ്ട്. പ്രസ്തുത കുറഞ്ഞ നിലവാരം ഉണ്ടെങ്കിൽ മാത്രമേ സ്വകാര്യ ആശുപത്രികൾക്ക് 2018 ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്റ്റ് പ്രകാരമുള്ള സ്ഥിര രജിസ്ട്രേഷൻ ലഭിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ